സംവിധാനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ അമ്പലമേടിൽ പൊതു ഹസാർഡസ് വേസ്റ്റ് ഡിസ്പോസൽ ഫെസിലിറ്റിക്കായി നീക്കിവച്ചിട്ടുള്ള 50 ഏക്കർ സ്ഥലത്തു തന്നെ 2.5 ഏക്കർ സ്ഥലം പ്രത്യേകം വേർതിരിച്ച് ബയോമെഡിക്കൽ വേസ്റ്റ് ഫെസിലിറ്റിക്കായി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് അതിന് സ്ഥാപനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ Malabar Enviro Vision Private Limited എന്ന സ്വകാര്യ സ്ഥാപനം സ്ഥലം കണ്ടെത്തി. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈ സംരംഭത്തിനു സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും എൻവയോൺമെന്റൽ ക്ലിയറൻസ് നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി അറിയുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ നിയമനങ്ങൾ

15 (4298) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഭരണപ്രതിസന്ധിയാണെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർ കോർപ്പറേഷൻ വിട്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഇവിടെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇക്കാര്യത്തിൽ സംവരണ തത്വം അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോർപ്പറേഷനിൽ ആകെ 86 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കോർപ്പറേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ മറ്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ ഏതെങ്കിലും ഉയർന്ന ജോലി ലഭിക്കുമ്പോൾ പ്രസ്തുത കരാർ ജീവനക്കാർ കോർപ്പറേഷനിലെ ജോലിയിൽനിന്ന് വിട്ടുപോകുകയാണ് ചെയ്യുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 453 പേർ ഡെപ്യൂട്ടേഷൻ/കരാർ / ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽ സൂചിപ്പിച്ച നിയമനങ്ങൾ ഡെപ്യൂട്ടേഷൻ/കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ഉള്ളതാണ്. ഇപ്രകാരമുള്ള നിയമനങ്ങൾക്ക് സംവരണതത്വം പാലിക്കേണ്ടതില്ല.

പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തം കെട്ടിടം

16 (4299) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭരണാനുമതി ലഭിച്ച് നാല് വർഷമായിട്ടും കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സമെന്താണ്; എത്രയും പെട്ടെന്ന് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പിലാത്തറ ഗവൺമെന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണത്തിനായി 455 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ആരോഗ്യ വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക ട്രഷറിയിൽനിന്നും പിൻവലിച്ച് കണ്ണൂർ തലശ്ശേരി പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുന്നതിനായി ധനകാര്യ വകുപ്പിന്റെ (വേയ്സ് ആന്റ് മീൻസ്) ക്ലിയറൻസ് ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ നിർദ്ദേശമനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 15-11-2014-ലെ പി.എൽ.ബി. 4-27471/14/ആ.വ.ഡ. നമ്പർ പ്രകാരം കത്ത് നൽകിയിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടനെ ടി തുക കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുന്നതാണ്.

ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അലോട്ട്മെന്റുകൾ നൽകുന്നതിന് നടപടി

17 (4300) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നേരിട്ട് കൈപ്പറ്റുന്നത് ഉദ്യോഗസ്ഥർക്ക് ഏറെ പ്രയാസം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) മറ്റ് വകുപ്പുകളിലെ പോലെ ജില്ലാ ഓഫീസിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അലോട്ട്മെന്റുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly